"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - നവകേരള സദസ്സ് - പാലാ ജനറൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനം - ലിഫ്റ്റ് സംവിധാനം ഒരുക്കുന്നത് - പഴയ കാഷ്വാലിറ്റി ബ്ലോക്കിൽ നിലവിലുള്ള പാസഞ്ചർ ബെഡ് - കം- ലിഫ്റ്റും, പാസഞ്ചർ ലിഫ്റ്റുകളും മാറ്റി പുതിയ ലിഫ്റ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.374/2026/H&FWD തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-

1. 28.07.2025 തീയതിയിലെ സ.ഉ.(കൈ) നം.3/2025/PIE&MD.
2. 22.09.2025 തീയതിയിലെ സ.ഉ.(കൈ) നം.4/2025/PIE&MD.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.11.2025 തീയതിയിലെ പി.എൽ.ബി.4-27748/2025/ആവഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (2) പ്രകാരംനവകേരള സദസ്സിലെ പദ്ധതികളിൽ ഉൾപ്പെടുത്തി പാലാ ജനറൽ ആശുപത്രിയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനും, ലിഫ്റ്റ് സംവിധാനം ഒരുക്കുന്നതിനുമായി ₹3.41 കോടി രൂപയുടെ അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പാലാ ജനറൽ ആശുപത്രിയുടെ പഴയ കാഷ്വാലിറ്റി ബ്ലോക്കിൽ നിലവിലുള്ള 20 പാസഞ്ചർ ബെഡ് - കം - ലിഫ്റ്റും (1 എണ്ണം), 8 പാസഞ്ചർ ലിഫ്റ്റും (1 എണ്ണം) മാറ്റി പുതിയ ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റുകൾ പരാമർശം (3) ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയും ആയതിന് ഭരണാനുമതി ലഭ്യമാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പ്രൊപ്പോസൽ നവകേരള സദസ്സുമായി ബന്ധപ്പെട്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി, പരിശോധിക്കുകയും പരാമർശം (4)-ലെ നടപടിക്കുറിപ്പിലെ നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലാ ജനറൽ ആശുപത്രിയുടെ പഴയ കാഷ്വാലിറ്റി ബ്ലോക്കിൽ നിലവിലുള്ള 20 പാസഞ്ചർ ബെഡ് - കം - ലിഫ്റ്റും (1 എണ്ണം), 8 പാസഞ്ചർ ലിഫ്റ്റും (1 എണ്ണം) മാറ്റി പുതിയ ലിഫ്റ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയിട്ടുള്ള എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കും വിധം ആകെ ₹77,04,700/- **രൂപയുടെ (എഴുപത്തിയേഴ് ലക്ഷത്തി നാലായിരത്തി എഴുന്നൂറ് രൂപ മാത്രം) ഭരണാനുമതി** നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഭരണാനുമതി തുക (രൂപയിൽ) |
|---|---|---|
| 1 | Dismantling of existing Lift and SITC of 1 No. 8 Passenger Lift at Old Block in General Hospital Pala (Electrical Lift work) | 34,27,000 |
| 2 | Dismantling of existing Lift and SITC of 1 number 20 Bed Cum Passenger Lift at Old Block in General Hospital Pala (Electrical Lift work) | 42,77,700 |
| | **ആകെ** | **77,04,700** |

3. മേൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്കുള്ള ഫണ്ട് ഏത് ശീർഷത്തിൽ നിന്നും വകയിരുത്തുമെന്നത് സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. മേൽ പ്രവൃത്തികൾ എസ്റ്റിമേറ്റ് തുകയെ അധികരിക്കുവാൻ പാടുള്ളതല്ല. മാത്രവുമല്ല ഇതിനായി അധിക തുകയൊന്നും തന്നെ അനുവദിക്കുന്നതല്ല. പ്രസ്തുത പ്രവൃത്തികൾക്കായി മറ്റ് ഫണ്ടുകൾ അനുവദിച്ചിട്ടില്ലെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (വൈദ്യുത വിഭാഗം), സിവിൽ സ്റ്റേഷൻ, ആലപ്പുഴ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ്
പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/260/2025-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 31-01-2026 10:48:12
സെക്ഷൻ ഓഫീസർ

പകർപ്പ് :- ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ

പി.എ.